**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2397** **16-03-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്നുകളും വ്യാജമദ്യവും സംബന്ധിച്ച കണക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2019 മുതൽ 2022 ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് പിടിച്ചതും പോലീസ് വകുപ്പ് പിടിച്ചെടുത്ത് എക്സൈസ് വകുപ്പിന് കൈമാറിയതുമായ മയക്കുമരുന്നുകളും (വിഭാഗം തിരിച്ച്), വ്യാജമദ്യവും സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ; ഇപ്രകാരം പിടിച്ചെടുത്ത ലഹരി ഉല്പന്നങ്ങളുടെ അളവും കണക്കാക്കിയ വിപണി വിലയും എത്രയെന്ന് വിശദമാക്കാമോ; | (എ) | ടി കാലയളവിൽ എക്സൈസ് വകുപ്പ് പിടിച്ചെടുത്ത മയക്കുമരുന്നുകളുടെയും വ്യാജമദ്യത്തിന്റെയും അളവ് അനുബന്ധമായി ചേർക്കുന്നു. പോലീസ് വകുപ്പ് പിടിച്ചെടുക്കുന്ന മയക്കുമരുന്നുകൾ എക്സൈസ് വകുപ്പിന് കൈമാറാറില്ല. ലഹരി ഉൽപന്നങ്ങളുടെ വിപണിവില കണക്കാക്കിയിട്ടില്ല. |
| (ബി) | മേൽ സൂചിപ്പിച്ച കാലയളവിൽ ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ്; ഇതിൽ എത്ര പേരുടെ അറസ്റ്റ് രേഖപ്പെടുത്തി നിയമനടപടികൾക്ക് വിധേയമാക്കി; ഇനിയും പിടിക്കപ്പെടാനുള്ളവർ എത്ര; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2019 മുതൽ 2022 ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പിൽ 52622 അബ്കാരി കേസുകളും, 15446 NDPS കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ അബ്കാരി കേസുകളിൽ 38068 പേരെയും, NDPS കേസുകളിൽ 15841 പേരെയും അറസ്റ്റ് ചെയ്ത് നിയമ നടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്. ടി കാലയളവിൽ രജിസ്റ്റർ ചെയ്ത അബ്കാരി/NDPS കേസുകളിൽ 2004 പേരെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. |
| (സി) | ലഹരി ഉത്പന്നങ്ങളുടെ വിപണനവും ഉപയോഗവും ഇല്ലാതാക്കാനായി എക്സൈസ് വകുപ്പ് ആഭ്യന്തര വകുപ്പിന്റെ സഹകരണത്തോടും പൊതുജനങ്ങളുടെ സേവനം വഴിയും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | ലഹരി ഉപയോഗത്തോടുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തത്തിന്റെ അനിവാര്യത കണക്കിലെടുത്ത് അതിനുവേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും, ലഹരി ഉൽപ്പന്നങ്ങളുടെ വിപണനം, ഉപയോഗം എന്നിവ സംബന്ധിച്ചുള്ള പരാതികൾ സ്വീകരിച്ച് പരിശോധിച്ച് വരുന്നു. സംസ്ഥാനത്തെ സ്കൂൾ-കോളേജുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ആയതിലൂടെ ബോധവൽക്കരണ ക്ലാസുകളും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് |

| | | | |
|---|---|---|---|
| | | | വിവിധ മത്സരങ്ങളും നടത്തി വരുന്നു. മദ്യം, മയക്കുമരുന്നുകൾ മറ്റ് നിരോധിത പുകയില ഉല്പന്നങ്ങൾ എന്നിവയുടെ ദുരുപയോഗം സംബന്ധിച്ച് പൊതുജനങ്ങൾ ലഭ്യമാക്കുന്ന വിവരങ്ങളും പരാതികളും അറിയിക്കുന്നതിനായി 9061178000, 9447178000 എന്നീ നമ്പറുകൾ പ്രചരിപ്പിച്ചിട്ടുള്ളതും, ആയതിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യ ചികിത്സ/ കൗൺസിലിംഗിനായി 14405 എന്ന ടോൾ ഫ്രീ നമ്പരും പ്രചരിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| മയക്കുമരുന്നുകളും/ വ്യാജമദ്യവും | അളവ് |
|---|---|
| സ്പിരിറ്റ് | 59213 Ltr |
| ചാരായം | 23588 Ltr |
| വാഷ് | 1457045 Ltr |
| അരിഷ്ടം | 13945 Ltr, |
| അന്യസംസ്ഥാന മദ്യം | 42135 Ltr |
| വ്യാജമദ്യം | 6601 Ltr |
| കഞ്ചാവ് | 12506 Kg |
| കഞ്ചാവ് ചെടി | 3440 Nos. |
| ഹാഷിഷ് | 128.627 Kg |
| ഹെറോയ്ൻ | 140 gm |
| ബ്രൗൺ ഷുഗർ | 337 gm |
| MDMA | 8411 gm |
| LSD | 26.335 gm |
| ചരസ് | 13859 gm |
| നൈട്രോസെപാം | 10295 tab |
| ഓപിയം | 14.37 gm |
| ബുപ്രിനോർഫിൻ | 243 Amp |
| ഫെനർഗ്രാം | 6 Amp |
| ലോറസെപ്പം | 113 Amp |

Pre—

സെക്ഷൻ ഓഫീസർ